പ്രതികരണം

**ജമീൽ അഹ്മദ്**

# സമൂഹശരീരം സ്വകാര്യ ശരീരം

**സ്വവർഗലൈംഗികതയിലെ പാപവും സാമൂഹികവിരുദ്ധതയും മനുഷ്യവിരുദ്ധതയും വിവരിച്ച് മതകക്ഷികൾ വെപ്രാളപ്പെടുന്നത്, സുപ്രീംകോടതിയാണ് പരമോന്നത നീതിപീഠം എന്ന് അബോധത്തിൽ അംഗീകരിച്ചതുകൊണ്ടാണ്. ഏതു കോടതി നിയമവിധേയമാക്കിയാലും മദ്യപിക്കാതിരിക്കാനാവുന്ന ഒരു വിശ്വാസിക്ക് സ്വവർഗരതിയും തന്നെ ബാധിക്കുന്നതല്ല എന്ന് സമാധാനിക്കാനാകും. കോടതി അനുവദിച്ചതുകൊണ്ട് ഇനിമേൽ സ്വവർഗാനുരാഗിയായിക്കളയാം എന്ന് ആരെങ്കിലും തീരുമാനിക്കുമെന്നു തോന്നുന്നില്ല.**

**സ്വവർഗലൈംഗികത** ഇന്ന് വിവാദവിഷയമായതിന്റെ പശ്ചാത്തലം സുപ്രീം കോടതി വിധിയാണ്. കോടതി വിധി പൂർണമായും മനസ്സിലാക്കാതെ ഒരുവശത്തും മതനിയമങ്ങളുടെ അടിസ്ഥാന സ്വഭാവം മനസ്സിലാക്കാതെ മറുവശത്തും നിന്ന് പൊരുതുന്നത് ഈ ബാധ തീർക്കുകയല്ല വളർത്തുകയാണ് ചെയ്യുക. സ്വവർഗാനുരാഗത്തെയും സ്വവർഗാനുരാഗികളെയും പരിഗണിച്ചുകൊണ്ട് സംയമനത്തോടെമാത്രം കൈകാര്യംചെയ്താൽ മാത്രമേ ഈ സംവാദം ഫലപ്രദമാവുകയുള്ളൂ. ഈ പരിഗണനകൾ മതത്തിന്റെ പൊതുവെയും ഇസ്‌ലാമിന്റെ പ്രത്യേകിച്ചുമുള്ള തീർപ്പുധാരണകളെ അഴിച്ചുപണിഞ്ഞുകൊണ്ടല്ല അതിലെ മനുഷ്യത്വത്തെയും നീതിയെയും വീണ്ടെടുത്തുകൊണ്ടാണുണ്ടാവേണ്ടത്. ലൈംഗികമായി പുതിയ തലമുറയും സമൂഹവും കൂടുതൽ അരക്ഷിതരാവുകയും നവ സ്വതന്ത്രലൈംഗികവാദത്തിന്റെ കൂട്ടിക്കൊടുപ്പുകാർ മതത്തിന്റെ വെളിച്ചമെത്താത്ത ഇടങ്ങളിൽ അരാജകത്വത്തിന്റെ വിത്തുവിതച്ച് വിള കൊയ്തെടുക്കുകയും ചെയ്യുന്ന ഇക്കാലത്താണ് ഇതിന്റെ പ്രസക്തി വർധിക്കുന്നത്.

ലൈംഗികമായി ഒരാൾ എന്താണെന്ന് തീരുമാനിക്കുന്നത് അയാളുടെ/അവളുടെ ശരീരമാണ്. സംതൃപ്തിയുമായി ബന്ധപ്പെട്ടതാണ് ശരീരത്തിന്റെ എല്ലാ ആശയങ്ങളും. സുഖങ്ങളിൽനിന്നെല്ലാം മുക്തമാവണമെന്നാഗ്രഹിക്കുന്ന മതേതരനായ സാത്വികനുപോലും ആത്യന്തിക ലക്ഷ്യം ശരീരസുഖംതന്നെയാണ്. എന്നാൽ മതം ലൈംഗികാകർഷണത്തെ പ്രധാനമായിക്കാണുന്നത് മക്കളുണ്ടാകുന്നതിലൂടെ മനുഷ്യസമുദായത്തെ നിലനിർത്തുക എന്ന സാമൂഹിക ലക്ഷ്യത്തെ മുന്നിൽകണ്ടാണ്. ഇണയെ കൃഷിഭൂമിയോട് ഉദാഹരിക്കുന്നു ഖുർആൻ. എന്നാലോ, ഭാര്യാഭർതൃ ലൈംഗിക്കബന്ധം ഈയൊരു ലക്ഷ്യത്തെ മാത്രം മുന്നിൽക്കണ്ടാകുന്നതും ശരിയല്ല. മക്കളുണ്ടാകാൻ മാത്രം അത് ചെയ്യുന്നത് കുടുംബജീവിതത്തെ എത്ര മരുഭൂമിയാക്കുകയില്ല! സാമൂഹികമായ നീതി അടിസ്ഥാനമാക്കിയ ജീവിത വ്യവസ്ഥ മുഖ്യലക്ഷ്യമാകയാൽ ലൈംഗികസുഖത്തെ മാത്രം അടിസ്ഥാനപ്പെടുത്തി ശരീരത്തെയും മനുഷ്യ ബന്ധങ്ങളെയും കണക്കിലെടുക്കാൻ ഇസ്‌ലാമും തയാറല്ല. അല്ലാഹു പടച്ച ശരീരമാകട്ടെ സുഖത്തിന്റെ എല്ലാ അനുഭവങ്ങൾക്കും പര്യാപ്തവുമാണ്. അതുകൊണ്ടാണ് മതം അതിന്റേതായ വിലക്കുകൾ സ്ഥാപിക്കുന്നത്. ഈ വിലക്കുകൾ പൊതുസമൂഹത്തിൽ പാരമ്പര്യമായി നിലനിൽക്കുന്നതും അല്ലാത്തതും ആവാം. തമിഴ്നാട്ടിലെ പൊതുധാരയിൽത്തന്നെ അമ്മാവനാണ് (അമ്മയുടെ ആങ്ങള) പെണ്ണിന്റെ മുറച്ചെറുക്കൻ. മലയാളിക്കാവട്ടെ അത് ചിന്തിക്കാൻപോലുമാകില്ല. ഇസ്‌ലാമിൽ അത് ഹറാമാണ്. ഈ നിലയിൽ സ്വവർഗാനുരാഗത്തെയും സമീപിക്കേണ്ടതുണ്ട്. മതങ്ങൾ അതിനെ വിലക്കുന്നു. ഇസ്‌ലാം അതിനെ വ്യഭിചാരമായിത്തന്നെ മഹാപാപങ്ങളിലൊന്നായി കണക്കാക്കുന്നു. ആധുനിക സമൂഹത്തിലാകട്ടെ അത് നിരന്തരവും വ്യാപകവുമായ യാഥാർഥ്യമായി അവശേഷിക്കുന്നു.

പൊതുസമൂഹത്തിന്റെ നിയമങ്ങളും മതത്തിന്റെ നിയമങ്ങളും ഏറ്റുമുട്ടുക സ്വാഭാവികമാണ്. പലിശയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടാതെ ശമ്പളം മുതലായ ഒരു സാമ്പത്തിക ഇടപാടുകളും ഇന്ത്യയിൽ പൊതുവെ സാധ്യമല്ല. ഇസ്‌ലാമാകട്ടെ പലിശയിലെ ഏറ്റവും ലഘുവായ ഇടപാടുപോലും മാതാവിനെ വ്യഭിചരിക്കുന്നതിനു തുല്യമായാണ് കാണുന്നത്. രാഷ്ട്രഘടന ഇങ്ങനെ ഇസ്‌ലാമിക ഘടനയുമായി ഏറ്റുമുട്ടുമ്പോൾ ഇസ്‌ലാമിന്റെ ഘടനയെ രാഷ്ട്രഘടനയെക്കാളും പ്രമാണമായും പ്രധാനമായും കാണുന്ന ഒരു മുസ്‌ലിം, പൊതുസമൂഹത്തിന്റെ ഇഷ്ടങ്ങളോട് പലപ്പോഴും വിലങ്ങിത്തന്നെ ജീവിക്കേണ്ടിവരും. ലൈംഗികത അൽപംകൂടെ സ്വാതന്ത്ര്യവും സ്വകാര്യവുമായതിനാൽ രാഷ്ട്ര ഘടനയോട് യുദ്ധംപ്രഖ്യാപിക്കാ

തെത്തന്നെ ഇസ്‌ലാമിന്റെ പക്ഷത്ത് ഒരാൾക്ക് നിൽക്കാനാകും. സ്വവർഗലൈംഗികത നിയമവിധേയമാക്കിയ ഒരു രാജ്യത്തെ മുസ്‌ലിമിന് അതിനാൽ വെപ്രാളങ്ങളില്ല.

സ്വവർഗ ലൈംഗികത സ്വയമേവ ക്രിമിനൽ കുറ്റമല്ല എന്ന ഇന്ത്യൻ പരമോന്നത കോടതി തീരുമാനിക്കുന്നതിൽ അസ്വാഭാവികത തീരെയില്ല (ലൈംഗികമായ ഏതൊരു കടന്നുകയറ്റവും ക്രിമിനൽ കുറ്റമാണ് എന്നതിൽ ഒരു കോടതിക്കും അഭിപ്രായ വ്യത്യാസവുമില്ല). പലിശയും മദ്യവും വ്യഭിചാരവും മുമ്പേ ക്രിമിനൽ കുറ്റമല്ലാത്ത ഒരിടത്ത് സ്വവർഗരതി മാത്രം കുറ്റകൃത്യമാകുന്നതാണ് അസ്വാഭാവികം. സ്വവർഗലൈംഗികതയിലെ പാപവും സാമൂഹികവിരുദ്ധതയും മനുഷ്യവിരുദ്ധതയും വിവരിച്ച് മതകക്ഷികൾ വെപ്രാളപ്പെടുന്നത്, സുപ്രീംകോടതിയാണ് പരമോന്നത നീതിപീഠം എന്ന് അബോധത്തിൽ അംഗീകരിച്ചതുകൊണ്ടാണ്. ഏതു കോടതി നിയമവിധേയമാക്കിയാലും മദ്യപിക്കാതിരിക്കാനാവുന്ന ഒരു വിശ്വാസിക്ക് സ്വവർഗരതിയും തന്നെ ബാധിക്കുന്നതല്ല എന്ന് സമാധാനിക്കാനാകും. കോടതി അനുവദിച്ചതുകൊണ്ട് ഇനിമേൽ സ്വവർഗാനുരാഗിയായിക്കളയാം എന്ന് ആരെങ്കിലും തീരുമാനിക്കുമെന്നു തോന്നുന്നില്ല. സ്വയം തീരുമാനിച്ച് പെട്ടെന്ന് അങ്ങനെ ആവുക എളുപ്പവുമല്ല. എങ്കിൽത്തന്നെയും ഒരു മതവിശ്വാസി, താൻ വിശ്വസിക്കുന്നതുപോലെ തനിക്കു ചുറ്റുമുള്ള മതേതര സമൂഹവും ധാർമികമൂല്യത്തിലധിഷ്ഠിതമാകണമെന്ന് ആഗ്രഹിക്കുന്നതിനാൽ ഇത്തരം കോടതിവിധികളിൽ അലോസരപ്പെടുക സ്വാഭാവികമാണ്. പക്ഷേ ആ അലോസരങ്ങളിലും ഉണ്ടാവേണ്ട ചില ബോധ്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കേണ്ടതുണ്ട്.

സ്വവർഗാനുരാഗം രോഗമാണെന്ന വാദം ഇന്നത്തെ ആരോഗ്യ ചികിത്സാരംഗങ്ങൾ പൂർണമായും അംഗീകരിച്ചിട്ടില്ല. ചികിത്സിച്ചു ഭേദപ്പെട്ട ഉദാഹരണങ്ങളുമില്ല. രോഗം മാനസികമോ ശാരീരികമോ എന്ന് നിർണയിക്കപ്പെട്ടിട്ടില്ല. മാനസികമാണെങ്കിൽ ഇസ്‌ലാമിക കർമശാസ്ത്രമനുസരിച്ച് ഒരു മതാനുഷ്ഠാന നിയമങ്ങളും സാമൂഹിക ബാധ്യതകളും ആ വ്യക്തിക്ക് ബാധകമാവുകയില്ല. ശാരീരികമാണെങ്കിൽ അവരെ ചികിത്സിക്കൽ സമൂഹത്തിന്റെ പൊതുബാധ്യത (ഫർദ് കിഫായ) ആവുകയും ചെയ്യും. രണ്ടായാലും ഒരാൾ സ്വവർഗാനുരാഗിയാണ് എന്നപേരിൽ മാത്രം ശിക്ഷിക്കാൻ



**ആണിനും പെണ്ണിനുമിടയിൽ ശരീരവും സ്വഭാവവും സൃഷ്ടിക്കപ്പെട്ട ചിലരുണ്ട്. ഖുൻസാ എന്ന പേരിൽ. ഇസ്‌ലാം അവർക്കായി വിധിവിലക്കുകൾ പ്രത്യേകം നൽകുന്നുണ്ടെങ്കിൽപോലും ലൈംഗികമായി അവരെന്താകണം എന്ന് നിശ്ചയിച്ചിട്ടില്ല. അത്തരം പരിഗണനകളെ വീണ്ടെടുക്കേണ്ടതുണ്ട്.**

ഗവൺമെന്റിനോ വ്യക്തികൾക്കോ അനുവാദമുണ്ടാകുന്നില്ലെന്നർഥം. എന്നാൽ അത് ഇണയുടെ സമ്മതമില്ലാതെ അടിച്ചേൽപ്പിച്ചാൽ കുറ്റംതന്നെയാണ്. എല്ലാ ലൈംഗിക വ്യവഹാരങ്ങളും ഇങ്ങനെ അടിച്ചേൽപ്പിക്കുന്നത് കുറ്റകൃത്യംതന്നെ. അവരെ ശിക്ഷിച്ചേ തീരു. സുപ്രീം കോടതി എടുത്തുകളഞ്ഞത് ആ നിയമമല്ല എന്ന് പ്രത്യേകം ഓർക്കണം.

ആൺ- പെൺ എന്ന ദ്വന്ദത്തിനപ്പുറത്ത് മനുഷ്യരിൽത്തന്നെ ചില ജീവിതങ്ങളുണ്ട് എന്നത് കണക്കിലെടുക്കാതിരുന്നുകൂടാ. ലൈംഗിക ന്യൂനപക്ഷം എന്നാണവരെ പുതിയ കാലം വിളിക്കുന്നത്. അതിലെ ഒരിനം മാത്രമാണ് സ്വവർഗ ലൈംഗികാസക്തി. കുറേക്കൂടി മാനുഷികമായും നൈതികമായും അവരുടെ അതിജീവന പ്രശ്നങ്ങളെ കാണേണ്ടതുണ്ട്. സ്വവർഗ ലൈംഗികതയെ മുഴുവൻ കുറ്റകൃത്യത്തിന്റെയും സദാചാര വിരുദ്ധതയുടെയും ജയിലിലിടക്കും മുമ്പ് ചില പ്രശ്നങ്ങളിൽ ഇസ്‌ലാമടക്കമുള്ള മതങ്ങളുടെ ശ്രദ്ധ തിരിയേണ്ടതുണ്ട്. സാമൂഹിക നീതി സ്വപ്നംകാണുന്ന നവ ഇസ്‌ലാമിക മുന്നേറ്റങ്ങളെ അഭിസംബോധന ചെയ്ത് ചില കാര്യങ്ങൾ ഇക്കാര്യത്തിൽ സൂചിപ്പിക്കുകയാണ്.

1. സ്വവർഗ ലൈംഗികത രോഗമോ പ്രവണതയോ ശീലമോ ആകട്ടെ, അടിസ്ഥാനപരമായി അത് ശാരീരിക സുഖത്തോട് ബന്ധപ്പെട്ടതാണ്. ഇസ്‌ലാമിന്റെ ലൈംഗികമായ എല്ലാ വിലക്കുകളുടെയും സാമൂഹികപരതയും ശാസ്ത്രീയതയും വിശദീകരിക്കുകയല്ല, അതിന്റെ ഇസ്‌ലാമികാംശം ബോധ്യപ്പെടുത്തുകയാണ് ഇക്കാര്യത്തിൽ ബോധവത്കരണത്തിന് ഉചിതം. ആർത്തവകാല ബന്ധം, ഗുദസംഭോഗം, വദനസുരതം, മുഷ്ടിമൈഥുനം തുടങ്ങിയവയെല്ലാം ഇസ്‌ലാം ഇങ്ങനെ പലയളവിൽ നിരോധിച്ചിട്ടുണ്ട്. വളരെ സ്വകാര്യവും സ്വതന്ത്രവുമായ തീർപ്പുകളാണ് പ്രായോഗിക തലത്തിൽ ഇതിനുള്ളത്. അത് അനുവദിച്ചുകൊണ്ടേ ഇസ്‌ലാമിക മതാനുഷ്ഠാനപ്രക്രിയകൾക്ക് മുന്നോട്ടുപോകാനാകൂ. സ്ത്രീയെ തീർത്തും വെറുക്കുന്ന പുരുഷ സ്വവർഗരതിയാണ് ഇസ്‌ലാം വൻപാപവും അതിശിക്ഷാകാരണവുമായിക്കാണുന്ന അപരാധം. ലൂത് നബിയുടെ സമുദായത്തെ നശിപ്പിക്കുന്നതിന് അല്ലാഹു നൽകിയ പ്രധാന കുറ്റപത്രവും അതാണ്. അത്തരക്കാരെ ചികിത്സിച്ചു ഭേദപ്പെടുത്താനും തെറ്റുകളിൽനിന്ന് തടയാനും ആധുനിക വൈദ്യശാസ്ത്രത്തിനല്ല ദൈവവിശ്വാസത്തിനേ കഴിയൂ. വൈദ്യന്മാരുടെ ചികിത്സ ഫലിക്കാത്തത് രോഗിയുടെ കുറ്റമല്ല, മരുന്നിന്റെ കുഴപ്പമാണ്. മനുഷ്യനെ ബാധിക്കുന്ന എല്ലാ രോഗങ്ങൾക്കും അല്ലാഹു

നിർദേശിച്ച ആത്യന്തിക ചികിത്സയെ മറച്ചുവെച്ച് രോഗിയെ ശിക്ഷിക്കുന്നത്, രോഗിയോടും സമൂഹത്തോടും ചെയ്യുന്ന അപരാധമാണ്.

2. ആണിനും പെണ്ണിനുമിടയിൽ ശരീരവും സ്വഭാവവും സൃഷ്ടിക്കപ്പെട്ട ചിലരുണ്ട്. ഖുൻസാ എന്ന പേരിൽ. ഇസ്‌ലാം അവർക്കായി വിധിവിലക്കുകൾ പ്രത്യേകം നൽകുന്നുണ്ടെങ്കിൽപോലും ലൈംഗികമായി അവരെന്താകണം എന്ന് നിശ്ചയിച്ചിട്ടില്ല. അത്തരം പരിഗണനകളെ വീണ്ടെടുക്കേണ്ടതുണ്ട്. വിവാഹം, രതി, കുടുംബജീവിതം എന്നിവയിൽ മാനസികവും സാമൂഹികവുമായ സംഘട്ടനങ്ങൾ നേരിടുന്ന അവരാണ് ഇന്ന് ലൈംഗിക ന്യൂനപക്ഷങ്ങളുടെ പേരിലുള്ള സാമ്പത്തിക- സാംസ്കാരിക അരാജകവാദങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നത്. നൂറു കോടി മനുഷ്യരിൽ അവർ വിരലിലെണ്ണാവുന്നവരാണെന്നതുകൊണ്ടുമാത്രം അവരെ അവഗണിക്കാവതല്ല. അതുകൊണ്ടു മാത്രം അവർ കൂടുതൽ പരിഗണനയർഹിക്കുന്നുവെന്നേ പുതിയ സാഹചര്യത്തിൽ പറഞ്ഞുകൂടൂ. അവരുടെ മതാനുഷ്ഠാനങ്ങളെപ്പോലെ ലൈംഗിക ജീവിതത്തിനും ഇസ്‌ലാമിക കർമശാസ്ത്രത്തിൽ ഇജ്തിഹാദുകളും ഇജ്മാഉകളുമുണ്ടാകേണ്ടതുണ്ട്. അഥവാ അവ നിലവിലുണ്ടെങ്കിൽ ഈ ചർച്ചകളിൽ അത് നിർദേശിക്കേണ്ടതുമുണ്ട്.

3. സ്വവർഗരതി ആധുനികാനന്തര സമൂഹത്തിൽ അതിസാധാരണമായി മാറിക്കൊണ്ടിരിക്കുന്നു. ഇത് കേവലമായ സൗഹൃദം തൊട്ട് വിവാഹംവരെ എത്തിനിൽക്കുന്ന സാമൂഹികാവസ്ഥയും ഒട്ടേറെ ആത്മഹത്യകൾക്കും കൊലപാതകങ്ങൾക്കും കാരണമാകുന്ന കേരളീയാവസ്ഥയുമാണ്. വിവരസാങ്കേതിക വിദ്യ നൽകുന്ന കൂടുതൽ സ്വകാര്യമായ ഇടങ്ങൾ ഇതിന് സുരക്ഷിതമായ വഴിയൊരുക്കുന്നു. യൂറോപ്പിൽ വ്യാപകമായ ലൈംഗികാരാജകത്വത്തെ ഇത്രയും ആഗോളപ്രതിഭാസമാക്കുന്നതിൽ ഇന്റർനെറ്റിനും അതൊരുക്കുന്ന സൗകര്യങ്ങൾക്കും ചില്ലറ പങ്കല്ല ഉള്ളത്. ബ്ലോഗും ഓർകുട്ടും മറ്റു ധാരാളം കമ്യൂണിറ്റി പോർട്ടലുകളും സ്വവർഗരതിയെ സർവസാധാരണവും ഇണയെ കണ്ടെത്തുന്ന പ്രക്രിയകളെ കൂടുതൽ സ്വകാര്യവുമാക്കി മാറ്റുന്നതിന് സഹായിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതികരംഗത്തെ വിപുലമായ വിപ്ലവങ്ങളുടെ അഴുക്കുകളാണിവ. ഈ മാറ്റങ്ങളെ എങ്ങനെ സമീപിക്കണമെന്നതിന്റെ സ്ട്രാറ്റജി ഇനിയും നാം

**പുനർവിവാഹം, വിവാഹമോചനം, വിധവാവിവാഹം എന്നിവയിൽ ഇസ്‌ലാം കാണിച്ച അയഞ്ഞ രീതി നമ്മുടെ സമൂഹഘടനയിൽ സങ്കീർണമായി മാറിയത് ലൈംഗികമായ വ്യതിയാനങ്ങൾക്ക് വലിയ കാരണമായിട്ടുണ്ട്. പ്രവാചകന്റെ കാലത്ത് ഇത്തരമൊരവസ്ഥ തീരെ ഇല്ലാതിരുന്നതാണ് സ്വവർഗാനുരാഗത്തിന്റെ ശിക്ഷയെക്കുറിച്ച് ഹദീസുകളിൽ പരാമർശങ്ങളില്ലാത്തത്.**

ഉണ്ടാക്കിക്കഴിഞ്ഞിട്ടില്ല.

4. വിപണിയുടെ ലാഭക്കൊതി അതിനാൽ സ്ത്രീ ശരീരം പോലെ പുരുഷ ശരീരത്തെയും ആവേശിച്ചിരിക്കുന്നു. മുമ്പ് ലൈംഗിക ചിഹ്നങ്ങളല്ലാതിരുന്ന പുരുഷന്റെ മാറും മുലയും തുടയും മുഖവും ഇന്ന് ലൈംഗികോത്തേജകക്കാഴ്ചകളാക്കി പരസ്യപ്പലകകൾ മാറ്റിയിരിക്കുന്നു. സ്വവർഗാനുരാഗത്തിന്റെ സ്ത്രൈണ രൂപങ്ങളായി പുരുഷമാതൃകകൾ മാറിയിരിക്കുന്നു. നീണ്ട മുടി, രോമങ്ങളില്ലാത്ത മുഖവും ശരീരവും, ശരീരഭാഗങ്ങൾ ഒളിഞ്ഞുനോക്കുന്ന കുട്ടിക്കുപ്പായം, ഇറുകിയ പാന്റ്സ് തുടങ്ങി സ്ത്രീകളെപ്പോലുള്ള പുരുഷകൗമാരം നമ്മുടെ കാമ്പസ്സുകളും തെരുവുകളും നിറയുന്നു. അവന്റെ മുഖസൗന്ദര്യത്തിനും മുടിസൗന്ദര്യത്തിനും ഉൽപന്നങ്ങളും പരസ്യങ്ങളും വ്യാപകമായിരിക്കുന്നു. ഇത് സ്ത്രീയെ ആകർഷിക്കാൻ മാത്രമല്ല, പുരുഷനെക്കൂടി വലയിലാക്കാനാണ്. മെട്രോമെൻ ആകാൻ തിടുക്കം കൂട്ടുന്ന പുരുഷന്റെ പുതിയ കാല വസ്ത്ര സങ്കൽപങ്ങൾക്കെതിരെ ഹിജാബിന്റെ ലക്ഷ്യങ്ങൾ അവനിലേക്കുകൂടി വ്യാപകമാക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാമിന്റെ പാരമ്പര്യ വസ്ത്രങ്ങളുടെ പ്രസക്തി ഇങ്ങനെ കൂടുതൽ ബോധ്യപ്പെടുന്നു.

5. ബഹുഭാര്യാത്വത്തിനും വിവാഹ പ്രായത്തിനും സമൂഹം കൽപ്പിച്ച വിലക്കുകളാണ് പലപ്പോഴും സ്വവർഗാനുരാഗത്തിലേക്ക് പുരുഷനെ നയിക്കുന്നത്. പുനർവിവാഹം, വിവാഹമോചനം, വിധവാവിവാഹം എന്നിവയിൽ ഇസ്‌ലാം കാണിച്ച അയഞ്ഞ രീതി നമ്മുടെ സമൂഹഘടനയിൽ സങ്കീർണമായി മാറിയത് ലൈംഗികമായ വ്യതിയാനങ്ങൾക്ക് വലിയ കാരണമായിട്ടുണ്ട്. പ്രവാചകന്റെ കാലത്ത് ഇത്തരമൊരവസ്ഥ തീരെ ഇല്ലാതിരുന്നതാണ് സ്വവർഗാനുരാഗത്തിന്റെ ശിക്ഷയെക്കുറിച്ച് ഹദീസുകളിൽ പരാമർശങ്ങളില്ലാത്തത്. ഭക്ഷണത്തിലെ മിതത്വം കൊണ്ട് രോഗങ്ങളെയും വിവാഹബന്ധങ്ങളിലെ അയഞ്ഞ നിയമങ്ങൾകൊണ്ട് ലൈംഗിക അരാജകത്വത്തെയും മുഹമ്മദ് നബി ഇല്ലായ്മ ചെയ്തു. ഇത്തരം രോഗാതുരമായ സാമൂഹിക സാഹചര്യങ്ങളെ മറികടക്കാൻ കേവലം ബോധവത്കരണം മാത്രം മതിയാകുകയില്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്.

കൂടുതൽ ചിന്തയാവശ്യപ്പെടുന്നതും ദീർഘിപ്പിക്കാവുന്നതുമാണ് ഈ പട്ടിക. സ്വതന്ത്ര ലൈംഗികവാദികളും ലൈംഗികത്തൊഴിൽ ഫണ്ടിംഗ് ഏജൻസികളും ഇക്കാര്യം ഏറ്റെടുക്കും മുമ്പേ വേണ്ടിയിരുന്നു ഈ കരുതലുകൾ. അല്ലെങ്കിലേ നാം ഒട്ടേറെ വൈകിപ്പോയ സമുദായമാണ്.

ഈ കുറിപ്പ് ഇങ്ങനെ അവസാനിപ്പിക്കുന്നു. സ്വകാര്യമായ ശരീരസുഖത്തെ സാമൂഹികമായി പുനർനിർണയിക്കുമ്പോൾ മാത്രമേ മനുഷ്യൻ മൃഗമല്ലാതാവുകയുള്ളൂ. ഈ വ്യത്യാസത്തെക്കുറിച്ച് ഒരു മതത്തിലും വിശ്വസിക്കാത്തവനും ബോധ്യമാകുമ്പോൾ മാത്രമേ സാമൂഹിക ജീവിതത്തിന് മനുഷ്യൻ പ്രാപ്തനാവൂ. ഇസ്‌ലാമാകട്ടെ സമൂഹത്തെക്കാളേറെ പലപ്പോഴും പരിഗണിക്കുന്നത് സ്വകാര്യതയുടെ സംരക്ഷണമാണ്. നാലു സാക്ഷികൾ വ്യക്തമായി കാണെ ചെയ്താലേ വ്യഭിചാരം ഇസ്‌ലാമിക ശരീഅത്തിന്റെ കോടതിയിൽ ശിക്ഷിക്കാവുന്ന കുറ്റമായിമാറൂ. വ്യക്തിയുടെ സ്വകാര്യത സമൂഹത്തിന്റെ പൊതുധാർമികതയെ തകർക്കുവോളം അതിൽ ഇടപെടാതിരിക്കാനാണ് ഇത്രയും സൂക്ഷ്മത അല്ലാഹു ശരീഅത്തിന്റെ ശിക്ഷാനിയമങ്ങളിൽ നിർദേശിച്ചത്. വ്യക്തിയുടെ സ്വകാര്യത സമൂഹത്തെ മുറിപ്പെടുത്തുമ്പോഴും അതിന്റെ സുസ്ഥിതി നശിപ്പിക്കുമ്പോഴും മാത്രമേ ഇസ്‌ലാമിക രാഷ്ട്രത്തിലെ കോടതി ഇടപെടുകയും ശിക്ഷിക്കുകയുമുള്ളൂ. വ്യക്തി തെറ്റു ചെയ്തതിന് ആത്യന്തികമായി ശിക്ഷ നൽകേണ്ടത് അല്ലാഹുവാണ്, മനുഷ്യനല്ല. സാക്ഷികളില്ലാത്തതിന്റെ പേരിൽ അവിടെ ആരും രക്ഷപ്പെടുകയില്ല. ആ കോടതിയിൽ സാക്ഷി നമ്മുടെ സ്വകാര്യശരീരം മാത്രം, ജഡ്ജി പടച്ചതമ്പുരാനും. ■

jameelahmednk@gmail.com